**റിപ്പോർട്ട് നമ്പർ: 1.1**

**65-ാമത് ഭരണസമിതി യോഗത്തിൻറെ നടപടിക്രമം അംഗീകാരത്തിനായി സമർപ്പിക്കുന്നു.**

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## നടപടി കുറിപ്പുകൾ, 65-ാമത് ഭരണസമിതി യോഗം

തീയ്യതി : **25** ഫെബ്രുവരി **2020**, സമയം : രാവിലെ **10.00** മണി

**വേദി: കോൺഫറൻസ് ഹാൾ, കേരളാ സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ, പേരൂർക്കട, തിരുവനന്തപുരം**

(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/10428/2020)

**ഹാജരായ അംഗങ്ങൾ:**

1. ഡോ. എം.ആർ. ശശീന്ദ്രനാഥ്, വൈസ് ചാൻസലർ - അദ്ധ്യക്ഷൻ
2. ശ്രീ. വി.കെ. രാജൻ, അഡീഷണൽ സെക്രട്ടറി - ധനകാര്യ വിഭാഗം പ്രതിനിധി
3. ശ്രീ. എ. മുഹമ്മദ് ഹുസൈൻ, അഡീഷണൽ സെക്രട്ടറി - നിയമ വിഭാഗം പ്രതിനിധി
4. ഡോ. പി. സുധീർ ബാബു. - ഫാക്കൽറ്റി ഡീൻ പ്രതിനിധി(ഡയറി സയൻസ് വിഭാഗം)
5. ഡോ. ലീബ ചാക്കോ, മാനേജ്മെന്റ് കൗൺസിൽ പ്രതിനിധി (അദ്ധ്യാപക വിഭാഗം)
6. ശ്രീമതി. ഇ.എസ്. ബിജിമോൾ - എം.എൽ.എ., മാനേജ്മെന്റ് കൗൺസിൽ പ്രതിനിധി (വനിതാ വിഭാഗം)
7. ഡോ. എം.കെ. നാരായണൻ, മാനേജ്മെന്റ് കൗൺസിൽ പ്രതിനിധി (എസ്.സി./എസ്.റ്റി. വിഭാഗം)
8. ശ്രീ. തോമസ്.കെ.കെ., മാനേജ്മെന്റ് കൗൺസിൽ പ്രതിനിധി (ജനറൽ വിഭാഗം)
9. ശ്രീ. സി.കെ. ശശീന്ദ്രൻ - എം.എൽ.എ. (എം.എൽ.എ പ്രതിനിധി, സർവ്വകലാശാലാ ആസ്ഥാനം ഉൾപ്പെടുന്ന നിയമസഭാ മണ്ഡലം)
10. ശ്രീ. ഓ.ആർ. കേളു - എം.എൽ.എ. (എം.എൽ.എ. പ്രതിനിധി)
11. ഡോ. എൻ. അശോക്, രജിസ്ട്രാർ - മെമ്പർ സെക്രട്ടറി

**സാന്നിധ്യം:**

1. ശ്രീമതി. ശ്രീലത. എം - ഫിനാൻസ് ഓഫീസർ
2. ഡോ. അജിത് ജേക്കബ് ജോർജ്ജ് - ഡയറക്ടർ (ഇൻ-ചാർജ്ജ്), അക്കാദമിക്സ് & റിസേർച്ച്
3. ഡോ. പി.വി. ട്രീസമോൾ - ഡീൻ (ഇൻ-ചാർജ്ജ്), സി.വി.എ.എസ്., മണ്ണുത്തി.
4. ഡോ. ജി.ഗിരിഷ് വർമ്മ, ഡീൻ(ഇൻ-ചാർജ്ജ്), സി.എ.എസ്.എ.എം. തിരുവാഴാംകുന്ന്
5. ശ്രീ. ബാബുരാജ്. കെ.പി. - ഡയറക്ടർ (ഇൻ-ചാർജ്ജ്), ഐ.ഡി. വിംഗ്
6. ശ്രീ. സാദിക്. എം.കെ. - സർവ്വകലാശാലാ ലോ ഓഫീസർ.

യോഗം കൃത്യം 10.00 മണിക്ക് തന്നെ ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് ബഹു. മുഖ്യമന്ത്രി 19/02/2020-നു സർവ്വകലാശാലാ ഓഫീസർമാരുമായി വിളിച്ചു ചേർത്ത യോഗത്തിൽ സർവ്വകലാശാല നേരിടുന്ന പ്രശ്നങ്ങൾ വളരെ വ്യക്തമായും സ്പഷ്ടമായും അവതരിപ്പിക്കാൻ സാധിച്ചതായി സഭയെ അറിയിച്ചു. ടി യോഗത്തിലെ ചർച്ചയിൽ ചുവടെ പറയുന്ന തീരുമാനങ്ങൾ എടുത്തതായി ബഹു. വൈസ് ചാൻസലർ വിവിരിച്ചു.

- വെറ്ററിനറി സർവ്വകലാശാലക്ക് നിയമപരമായി കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും കൈമാറികിട്ടേണ്ട ഭൂമി നാളിതുവരെ വരെയും ലഭ്യമായിട്ടില്ലെന്നും ആയതിനാൽ സർവ്വകലാശാലയുടെ വികസന പ്രവർത്തനങ്ങൾക്കും, പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്ഥലപരിമിതി ഒരു തടസമായി നിൽക്കുകയാണെന്നും സർവ്വകലാശാലയുടെ ഭാഗത്തു നിന്നും വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ, ടി വിഷയം പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി, മൃഗ സംരക്ഷണ വകുപ്പ്, സെക്രട്ടറി, കൃഷി വകുപ്പ് സെക്രട്ടറി, വെറ്ററിനറി - കാർഷിക സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാർ എന്നിവരടങ്ങുന്ന ഒരു കമ്മറ്റി രൂപീകരിക്കുന്നതിനും ടി കമ്മറ്റി സ്ഥലം സന്ദർശിച്ച് ഒരു മാസത്തിനകം അന്തിമ റിപ്പോർട്ട് നൽകുന്നതിനും ബഹു. മുഖ്യമന്ത്രി നിർദ്ദേശം നൽകി.

- കാർഷിക സർവ്വകലാശാലയിൽ നിന്നും വെറ്ററിനറി സർവ്വകലാശാലയിലേക്ക് മാറി വന്ന ജീവനക്കാർക്ക് അവർ കാർഷിക സർവ്വകലാശാലയിൽ ജോലി ചെയ്തിരുന്നപ്പോൾ ശമ്പളത്തിൽ നിന്നും അടവാക്കിയ ജി.പി.എഫ്., ഡബ്ല്യൂ.പി.എഫ്. തുടങ്ങിയ നിക്ഷേപങ്ങൾ നാളിതുവരെയും വെറ്ററിനറി സർവ്വകലാശാലക്ക് കൈമാറി കിട്ടിയിട്ടില്ല എന്ന വിവരം അറിയിക്കുകയും തുടർന്ന് ആയതിൻമേൽ സർക്കാർ ഇടപ്പെട്ട് വേണ്ട നടപടികൾ സ്വീകരിക്കാൻ ബഹു. മുഖ്യമന്ത്രി ഫിനാൻസ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

- പുതുതായി രൂപം കൊണ്ട ഒരു സർവ്വകലാശാലയുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുന്നതിനു വേണ്ടി അത്യാവശ്യം വേണ്ടുന്ന തസ്തികകൾ, കാർഷിക സർവ്വകലാശാലയിൽ നിന്നും കൈമാറി കിട്ടിയ 486 തസ്തികകളിൽ നിന്നു കൊണ്ട് പുന:സംഘടിപ്പിച്ചതിനു അംഗീകാരം ലഭ്യമാക്കേണ്ടതിന്റെയും, പൂക്കോട് ഡയറി പ്രൊജക്ടിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബാംഗങ്ങൾക്കു അവരുടെ യോഗ്യതക്കനുസരിച്ച് നിയമനം നൽകേണ്ടുന്നതിന്റെയും, 118 തൊഴിലാളി തസ്തികകൾ അടിയന്തിരമായി പൂക്കോട് ഫാമിൽ സൃഷ്ടിക്കേണ്ടതിന്റെയും അനിവാര്യത, സർവ്വകലാശാല പുതുതായി ആരംഭിച്ച കോളേജുകളിൽ ആവശ്യത്തിനു അധ്യാപക-അനധ്യാപക ജീവനക്കാരുടെ ദൗർബല്യം എന്നീ വിഷയങ്ങൾ യോഗത്തിനു മുൻപാകെ അവതരിപ്പിക്കപ്പെട്ടു ഇവയെല്ലാം പരിഹരിക്കുന്നതിനുള്ള നടപടികൾ കഴിവതും വേഗം സ്വീകരിക്കാമെന്ന് ബഹു. മുഖ്യമന്ത്രി അറിയിക്കുകയും, ആയവ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

കോലാഹലമേട് ഡയറി സയൻസ് & ടെക്നോളജി കോളേജിന്റെ ഭാഗമായി പുതുതായി നിർമ്മിച്ച ഹോസ്റ്റൽ കെട്ടിടത്തിന്റെ ഉദ്ഘാടനം ബഹു. വനം വകുപ്പു മന്ത്രി, അഡ്വ. കെ. രാജു അവർകൾ 24/02/2020-ന് നിർവ്വഹിച്ച സന്തോഷ വാർത്ത അദ്ധ്യക്ഷൻ സഭയെ അറിയിച്ചു.

| ക്രമ. നം. | ഇനം | തീരുമാനം |
|---|---|---|
| 1.1 | Minutes of the 64th Meeting of the Board of Management held on 06.01.2020 for confirmation. | Confirmed with the following changes:<br><br>**<u>ഇനം 2.2:</u>** *“റിപ്പോർട്ട് തയ്യാറാക്കുമ്പോൾ സർവ്വകലാശാലകളിലെ ജീവനക്കാരുടെ അംഗീകൃത സംഘടനാ പ്രതിനിധികളെ കൂടി കേൾക്കണമെന്നും തീരുമാനിച്ചു.”.* എന്ന തീരുമാനത്തിലെ *“ജീവനക്കാരുടെ അംഗീകൃത സംഘടനാ പ്രതിനിധികളെ”* എന്നത് *“യൂണിവേഴ്സിറ്റി യൂണിയൻ വിദ്യാർത്ഥി പ്രതിനിധികളെ”* എന്ന് തിരുത്തി.<br><br>*നടപടി: രജിസ്ട്രാർ*<br>*അറിഞ്ഞിരിക്കേണ്ട ഓഫീസർമാർ: ഡയറക്ടർ (അക്കാദമിക്സ് & റിസേർച്ച്), ഡയറക്ടർ (എന്റർപ്രണർഷിപ്പ്)*<br><br>**<u>ഇനം 6.1:</u>** നടപടി ക്രമത്തിലെ രണ്ടാമത്തെ ഖണ്ഡികയിലെ *“സ്റ്റാറ്റ്യൂട്ട് ഭേദഗതിക്കു വിധേയമായി”* എന്നുള്ളത് *“സർക്കാർ ഉത്തരവുകൾക്ക് വിധേയമായി”* എന്ന് തിരുത്തി.<br><br>*നടപടി: ഫിനാൻസ് ഓഫീസർ.* |
| 2.1 | DAR – Acad - Enhancement of tuition fee of B.Tech courses – Reg | Approved.<br><br>*Action : Director (Academics & Research).*<br>*Noted by: Registrar & Finance Officer.* |
| 2.2 | ഡി.എ.ആർ - അഡ്മിഷൻ 2020-21- പി.എച്ച്.ഡി പഠനാവധിയ്ക്ക് അപേക്ഷ കൾ ക്ഷണിക്കുന്നത് സംബന്ധിച്ച്. | 1) അനുമതി നൽകി.<br>2) മുൻവർഷങ്ങളിൽ ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുള്ള അധ്യാപകരെ ബാധിക്കാത്ത രീതിയിൽ 2020–21 വർഷത്തെ ഡെപ്യൂട്ടേഷനു വേണ്ടി അപേക്ഷ ക്ഷണിക്കുന്നതിന് അനുമതി നൽകി.<br><br>*നടപടി: ഡയറക്ടർ (അക്കാദമിക്സ് & റിസേർച്ച്)*<br>*അറിഞ്ഞിരിക്കേണ്ട ഓഫീസർ: രജിസ്ട്രാർ.* |

| ക്രമ. നം. | ഇനം | തീരുമാനം |
|---|---|---|
| 2.3 | ഡി.എ.ആർ. - സ്റ്റേറ്റ്പ്ലാൻ പദ്ധതികൾ - നബാർഡ് - ആർ.ഐ.ഡി.എഫ് - സർവ്വകലാശാലക്കനുവദിച്ച "Establishment of referral analytical and Diagnostic laboratory for supporting livestock farming and Diagnostic of Zoonotic disease" എന്ന പദ്ധതി നടപ്പിലാക്കുന്നത് - ഉപാധികൾ അംഗീകരിക്കുന്നത് - സംബന്ധിച്ച്. | നബാർഡ് ലോണിന്റെ ഭീമമായ തിരിച്ചടവ് ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വച്ച് സർവ്വകലാശാലക്ക് താങ്ങാവുന്നതല്ലെന്നും, സംസ്ഥാനത്തിനാകമാനം ഗുണകരമാകുന്ന പദ്ധതി എന്ന നിലയിൽ, തിരിച്ചടവു സർക്കാർ ഏറ്റെടുക്കേണ്ടതാണെന്ന് സർക്കാരിനോട് ആവശ്യപ്പെടണമെന്നും പൊതുവായ തീരുമാനമുണ്ടായി. സർക്കാർ തിരിച്ചടവു ബാധ്യത ഏറ്റെടുക്കുന്ന പക്ഷം മാത്രം ലോൺ നടപടികളുമായി മുന്നോട്ടു പോകാൻ തീരുമാനിച്ചു. ഫണ്ട് അടിയന്തിരമായി വിനിയോഗിക്കേണ്ടതിനാൽ ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് ഉടനടി സർക്കാരിലേക്ക് കത്തെഴുതുവാനും തീരുമാനിച്ചു.<br><br>*നടപടി: ഡയറക്ടർ (അക്കാദമിക്സ് & റിസേർച്ച്)*<br>*അറിഞ്ഞിരിക്കേണ്ട ഓഫീസർ: ഫിനാൻസ് ഓഫീസർ.* |
| 2.4 | DAR – Provision to remit the fee for 4th professional year of BVSc & AH programme in two instalments – Ratification – Reg. | Approved.<br>Action: Director (Academics & Research).<br>Noted by: Finance Officer & Registrar. |
| 3.1 | പൊതുഭരണം - തൊഴിലാളി വിഭാഗം - 64-ാമത് ഭരണസമിതിക്കു മുമ്പാകെ ധർണ്ണ നടത്തിയവരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്. | റിപ്പോർട്ടിലെ രണ്ട് ശിപാർശകളും അംഗീകരിച്ചു. ശിപാർശകൾ ചുവടെ കൊടുക്കുന്നു.<br><br>***<u>ശിപാർശകൾ:</u>***<br>*1. WP(C) No.6199/2014 – വൈ, 7709/2016, 10943/2014, 13789/2014 തുടങ്ങിയ റിട്ട് ഹർജികളിലെ ഹർജിക്കാർക്ക് 56 വയസ്സ് തികയുന്നില്ലെങ്കിൽ അവരെ കാഷ്വൽ ലേബർ നിയമന പ്രക്രിയയിൽ അവർക്ക് നൽകിയിരുന്ന അവരുടെ സേവനത്തിന് അനുസൃതമായ ഇളവ് നൽകി അടുത്ത കാഷ്വൽ ലേബർ നിയമന പ്രക്രിയയിൽ പരിഗണിക്കാവുന്നതാണെന്ന് സർവ്വകലാശാല ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയത് നടപ്പാക്കിയാൽ മതിയാവുന്നതാണ്.* |

| | | |
|---|---|---|
| | | 2. *2020-21 സാമ്പത്തിക വർഷത്തെ സർവ്വകലാശാലയുടെ മണ്ണുത്തി ക്യാമ്പസിലെ വിവിധ സ്റ്റേഷനുകളിലെ പ്ലാൻ പദ്ധതികളിൽ അതത് പദ്ധതികളുടെ മാനദണ്ഡങ്ങൾ അനുസരിച്ച് ആവശ്യാനുസരണം, താൽക്കാലികമായി സൃഷ്ടിയ്ക്കപ്പെടാവുന്ന തൊഴിലാളി തസ്തികകൾക്ക് സമാനമായ തസ്തികകളിലെ ഒഴിവുകളിലേക്ക്, അനുയോജ്യരായ മേൽ പറഞ്ഞ കേസുകളിലെ ഹർജിക്കാരെ മുൻഗണന നൽകി പരിഗണിക്കാവുന്നതാണ്.*<br><br>*നടപടി: രജിസ്ട്രാർ & ലേബർ ഓഫീസർ* |
| 3.2 | പൊതുഭരണം - മണ്ണുത്തി വെറ്ററിനറി കോളേജിന് കീഴിൽ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി താൽക്കാലിക ടെക്നീഷ്യൻ തസ്തിക ഒരു വർഷത്തേക്ക് അനുവദിക്കുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ*<br>*അറിഞ്ഞിരിക്കേണ്ട ഓഫീസർ: ഡീൻ (സി.വി. & എ.എസ്., മണ്ണുത്തി & ഫിനാൻസ് ഓഫീസർ* |
| 3.3 | Registry - Pending AMC for the modules which were in use in University – Reg. | Approved.<br><br>AMC can be released only after fulfilling all the requirements as per the decisions of the meeting with KVASU, KELTRON & M/s Expedien held on 22/11/2019.<br><br>It was also decided to submit a proposal for establishing an IT Cell in the University with creation of essential post to the next Board of Management.<br><br>*Action: Registrar.*<br>*Noted by: Finance Officer, Director (Academics & Research), Director (Entrepreneurship) & Director (ID Wing)* |
| 3.4 | പൊതുഭരണം - മിന്നൽ ചുഴലിക്കാറ്റിൽ അടക്കാമരങ്ങൾ ഒടിഞ്ഞുപോയ സാഹചര്യത്തിൽ ലേല തുകയിൽ നിന്നും ഇളവ് ചെയ്യുന്നത് - സംബന്ധിച്ച്. | കരാർ പരിശോധിച്ച ശേഷം, അനുവദനീയമാണെങ്കിൽ ബഹു. വൈസ് ചാൻസലറുടെ അധികാരം ഉപയോഗിച്ച് നടപടി സ്വീകരിക്കുന്നതിന് അനുമതി നൽകി.<br><br>*നടപടി: രജിസ്ട്രാർ*<br>*അറിഞ്ഞിരിക്കേണ്ട ഓഫീസർ: പ്രൊഫസർ & ഹെഡ്, സി.ബി.എഫ് തുമ്പൂർമുഴി* |

| ക്രമ. നം. | ഇനം | തീരുമാനം |
|---|---|---|
| 4.1 | ഡി.ഒ.ഇ - ULF&FRDS-ന്റെ ഭാഗമായി ഫോഡർ ക്രോപ് ഡവലപ്മെന്റ് ആർമി എന്ന ശീർഷകത്തിൽ പരിശീലന പരിപാടി ആരംഭിക്കുന്നത് - സംബന്ധിച്ച്. | പദ്ധതിയേതര വിഹിതത്തിൽ സ്റ്റൈപ്പൻഡറി ട്രെയിനിംഗ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് അനുമതി നൽകി.<br><br>*നടപടി: ഡയറക്ടർ (എന്റർപ്രണർഷിപ്പ്)*<br>*അറിഞ്ഞിരിക്കേണ്ട ഓഫീസർ:* ഫിനാൻസ് ഓഫീസർ. |
| 4.2 | ഡി.ഒ.ഇ. - വിവിധ പരിശീലന പദ്ധതികൾ നടത്തുന്നത് സംബന്ധിച്ച്. | അനുമതി നൽകി.<br><br>*നടപടി: ഡയറക്ടർ (എന്റർപ്രണർഷിപ്പ്)*<br>*അറിഞ്ഞിരിക്കേണ്ട ഓഫീസർ: ഫിനാൻസ് ഓഫീസർ.* |
| 5.1 | ഐ.ഡി വിംഗ് - തുമ്പൂർമൂഴിയിലെ കോളേജ് ഹോസ്റ്റൽ നിർമ്മാണം - സംബന്ധിച്ച്. | 2020 മാർച്ച് 2-ാം തീയതി ബഹു. വനം വകുപ്പ് മന്ത്രിയും എം.എൽ.എ.-മാരുമായും ചേരാൻ തീരുമാനിച്ചിരിക്കുന്ന യോഗത്തിനു ശേഷം പരിഗണിക്കുവാൻ തീരുമാനിച്ചു.<br><br>*നടപടി: ഡയറക്ടർ (ഐ.ഡി. വിംഗ്)*<br>*അറിഞ്ഞിരിക്കേണ്ട ഓഫീസർ: ഡയറക്ടർ (അക്കാദമിക്സ് & റിസേർച്ച്) &* ഫിനാൻസ് ഓഫീസർ. |
| 5.2 | ഐ.ഡി. വിംഗ് - ആർ.ഐ.ഡി.എഫ്, ഇ.എഫ്.സി എന്നീ പദ്ധതികളിലെ ബാക്കി തുക വിനിയോഗിക്കുന്നത് - സംബന്ധിച്ച്. | 62-ാമത് ഭരണസമിതി തീരുമാനം പുനപരിശോധിക്കുകയും ചുവടെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.<br><br>1) ആർ.ഐ.ഡി.എഫ്-ലെ ബാക്കി തുക മണ്ണുത്തി ക്യാമ്പസ്സിൽ "സെൻട്രൽ ട്രെയിനിംഗ് കോപ്ലക്സ്" സ്ഥാപിക്കുന്നതിനായി ഉപയോഗിക്കാൻ തീരുമാനിച്ചു.<br>2) ഇ.എഫ്.സി.-യിലെ ബാക്കി തുകയായ 50 ലക്ഷം രൂപ കോലാഹലമേട് ക്യാമ്പസ്സിൽ പുതുതായി നിർമ്മാണം പൂർത്തീകരിച്ച ഹോസ്റ്റൽ കെട്ടിടത്തിന്റെ തുടർന്നുള്ള അനുബന്ധ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ തീരുമാനിച്ചു. ശേഷം ബാക്കി വരുന്ന 43 ലക്ഷം രൂപ പൂക്കോട് ക്യാമ്പസ്സിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന Retaining Wall-ന്റെ നിർമ്മാണത്തിനായി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി ലഭിക്കുന്ന മുറക്ക് ഉപയോഗിക്കുന്നതിനും തീരുമാനിച്ചു. |

| | | |
|---|---|---|
| | | 3) 2020 മാർച്ച് 2-നു നടക്കുന്ന യോഗത്തിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി യോടെ Retaining Wall നിർമ്മിക്കുന്ന വിഷയം കൂടി അജണ്ടയായി കൊണ്ടു വന്നു അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേ ണ്ടതാണെന്നും യോഗം നിർദ്ദേശിച്ചു.<br><br>*നടപടി: ഡയറക്ടർ (ഐ.ഡി. വിംഗ്))*<br>*അറിഞ്ഞിരിക്കേണ്ട ഓഫീസർ: രജിസ്ട്രാർ &* ഫിനാൻസ് ഓഫീസർ. |
| OA: 1 | പൊതുഭരണം - ബഹു. അംഗം, ശ്രീമതി. ഇ.എസ്. ബിജിമോൾ - എം.എൽ.എ ഉന്നയിച്ച വിഷയ ങ്ങളിൽ മേലുള്ള വിശദീക രിണം റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. | ക്രമ നമ്പർ (1) മുതൽ (4) വരെ വിഷയങ്ങളിൽ സർവ്വകലാശാല നടപടികൾ സ്വീകരിച്ചു വരുന്നു ണ്ടെന്ന് രജിസ്ട്രാർ സഭയെ അറിയിച്ചു. തുടർന്ന് റിപ്പോർട്ട് അംഗീകരിച്ചു.<br><br>കൂടാതെ, ഡയറക്ടർ (എന്റർപ്രണർഷിപ്പ്)-ന്റെ കീഴിൽ നടത്തിയിരുന്ന "Zoo Animal Handling" എന്ന സർട്ടിഫിക്കറ്റ് കോഴ്സ് വനം വകുപ്പി ന്റെയും മൃഗശാലാ വകുപ്പിന്റെയും വിവിധ തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതയായി പരിഗണിക്കണമെന്ന് സർക്കാരി ലേക്ക് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ*<br>*അറിഞ്ഞിരിക്കേണ്ട ഓഫീസർ: ഡയറക്ടർ (അ ക്കാദമിക്സ് & റിസേർച്ച്)* |
| OA: 2 | DAR - Academic Programme – Approval of result – Reg. | Approved and recommended to the Management Council.<br><br>*Action: Director (Academics & Research)*<br>*Noted by: Registrar.* |

| ക്രമ. നം. | ഇനം | തീരുമാനം |
|---|---|---|
| OA: 3 | Registry - permission to insert a New Electric Pole at the canteen area in the Veterinary campus as part of the implementation of "K-FON Project – Reg. | Approved.<br><br>*Action: Registrar*, Director (ID Wing) & Dean, CVAS Manuuthy. |

**<u>അജണ്ടാകുറിപ്പുകൾക്ക് പുറത്തു നടന്ന ചർച്ചകളിലെ തീരുമാനങ്ങൾ:</u>**

കാർഷിക സർവ്വകലാശാലയിൽ നിന്നും കൈമാറ്റം ചെയ്തു കിട്ടിയ ആകെ 486 തസ്തികകളിൽ മരവിപ്പിച്ചു വച്ചിട്ടുള്ള 9 തസ്തികകൾ, എക്സിക്യൂട്ടീവ് എഞ്ജിനീയർ - 1, അസിസ്റ്റന്റ് ലൈബ്രേറിയൻ - 4, ക്ലറിക്കൽ അസിസ്റ്റന്റ് - 4 എന്ന രീതിയിൽ പുനരുജ്ജീവിപ്പിക്കണമെന്ന, 25/02/2020-ന് രാവിലെ 9.30-ന് നടന്ന 8-ാമത് എസ്റ്റാബ്ലിഷ്മെന്റ് കമ്മറ്റിയുടെ നിർദ്ദേശം, എസ്റ്റാബ്ലിഷ്മെന്റ് കമ്മറ്റി ചെയർമാനായ ബഹു. അംഗം ശ്രീ. സി.കെ. ശശീന്ദ്രൻ - എം.എൽ.എ., ഭരണസമിതി മുൻപാകെ സമർപ്പിച്ചു.

ഈ രീതിയിൽ പുതുതായി പുനർക്രമീകരിക്കുന്ന അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തിക, യു.ജി.സി. ശമ്പള സ്കെയിലിലുള്ള തസ്തിക ആയതിനാലും, ടി തസ്തികയിലെ വിരമിക്കൽ പ്രായം 60 വയസ് ആയതിനാലും, നിലവിൽ 56 വയസ് വിരമിക്കൽ പ്രായം ഉള്ള ലൈബ്രറി അസിസ്റ്റന്റ് തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകി അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്ക് വരുമ്പോൾ, വിരമിക്കൽ പ്രായത്തിന്റെ കാര്യത്തിൽ വന്നേക്കാവുന്ന ആശയക്കുഴപ്പത്തിൽ ബഹു. അംഗം ഡോ. എം.കെ. നാരയണൻ ഉൽക്കണ്ഠ പ്രകടിപ്പിക്കുകയും, ആയതിൽ ഒരു സ്പഷ്ടീകരണം ഭരണസമിതി മുൻപാകെ കൊണ്ടുവരണമെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി.

തുടർന്ന്, ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലുള്ളതാണെന്നും, ആയതിനാൽ ഇപ്പോൾ ഇത്തരത്തിൽ ഒരു തീരുമാനമെടുക്കുന്നതിൽ വിയോജിക്കുന്നു എന്നും ബഹു. അംഗം, ശ്രീ. വി.കെ. രാജൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് അറിയിച്ചു.

ബഹു. അംഗത്തിന്റെ വിയോജന കുറിപ്പോടെ എസ്റ്റാബ്ലിഷ്മെന്റ് കമ്മറ്റിയുടെ നിർദ്ദേശം ഭരണസമിതി അംഗീകരിച്ചു. അസി. ലൈബ്രേറിയൻ തസ്തിക സംസ്ഥാന സേവന വ്യവസ്ഥകളിൽ നിന്നും വ്യത്യസ്ഥമായ സേവന വേതന നിയമന വ്യവസ്ഥകളുള്ള തസ്തിക ആയതിനാൽ ആയതിലേക്കുള്ള നിയമനം നടത്തുകയാണെങ്കിൽ യു.ജി.സി. മാനദണ്ഡങ്ങളനുസരിച്ചു മാത്രം നടത്തുവാനും തീരുമാനിച്ചു.

*നടപടി: രജിസ്ട്രാർ.*
*അറിഞ്ഞിരിക്കേണ്ട ഓഫീസർ: ഫിനാൻസ് ഓഫീസർ.*

അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും രജിസ്ട്രാർ നന്ദി പറയുകയും 1.00 മണിയോടെ യോഗം അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്/-)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്/-)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**
*(06/03/2020-ന് അംഗീകരിച്ചു.)*

//True Copy//

**SECTION OFFICER - GA/B Section**